# അൽമായവേദി

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ മുഖപത്രം

പ. പാമ്പാടി തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ സപ്ലിമെന്റ് | 2007 ഏപ്രിൽ 8



മുഖലേഖനം

## പാമ്പാടി തിരുമേനിയുടെ ചൈതന്യം മലങ്കരസഭയെ പ്രശോഭിതമാക്കട്ടെ

മലങ്കര ഓർത്തഡോക്സ് സഭയിൽ ഗ്രീഗോറിയോസ് എന്ന പേരിൽ അഭിഷിക്തരായി കാലം ചെയ്ത പിതാക്കന്മാരെല്ലാം വിവിധ കാരണങ്ങളാൽ സഭയ്ക്ക് ചൈതന്യമുളവാക്കിയവരാണ്. ആ പേരിൽ ആദ്യമായി അഭിഷിക്തനായ പരുമല തിരുമേനി, അവിടുത്തെ ശിഷ്യനും വാത്സല്യവാനുമായ മൂന്നാം കാതോലിക്കാ, പാമ്പാടി തിരുമേനി, ദാർശനിക ലോകത്തിന്റെ മുഴുവൻ സമ്പത്തായ പൗലൂസ് മാർ ഗ്രീഗോറിയോസ് തിരുമേനി എന്നിവരെല്ലാം വിവിധ കാരണങ്ങളാൽ സഭയ്ക്ക് അനർഘനിധിയായി ഭവിച്ചവരാണ്. പാമ്പാടി തിരുമേനിയുടെ വ്യക്തിത്വത്തെക്കുറിച്ച് മാത്രമാണ് ഇവിടെ പരാമർശിക്കുന്നത്.

അന്നുമിന്നും മെത്രാൻ സ്ഥാനത്തേക്ക് പരിഗണിക്കപ്പെടുമ്പോൾ വിലയിരുത്തുന്ന പല ഘടകങ്ങൾ - ബന്ധുബലം, വിദ്യാസമ്പന്നത, പോപ്പുലാരിറ്റി - എന്നിവയൊന്നുമില്ലാത്ത ഒരു സാധാരണക്കാരനായ റമ്പാച്ചൻ ഈ സ്ഥാനത്തേക്കുയർത്തപ്പെട്ടത് ഒരു അത്ഭുതം തന്നെയാണ്. "മലങ്കരയിൽ മെത്രാന്മാരെ വാഴിക്കുവാനനുവാദം തന്നാൽ നിങ്ങൾ ഗ്രീഗോറിയോസിനെപ്പോലെയുള്ളവരെ വാഴിച്ചുകളയും" എന്നാണ് അപ്രേം പാത്രിയർക്കീസ് ഗീവർഗീസ് രണ്ടാമൻ ബാവായോട് കാതോലിക്കേറ്റിനെ അംഗീകരിക്കാതിരിക്കാനുള്ള കാരണമായി പറഞ്ഞത്. മലങ്കരസഭയുടെ ദൗർഭാഗ്യം ഇവിടെ പാമ്പാടി തിരുമേനിയെപ്പോലെയുള്ള അധികം മെത്രാന്മാരെ വാഴിച്ചില്ല എന്നതാണ്. അപ്രേം പാത്രിയർക്കീസിന്റെ ആശങ്ക യാഥാർത്ഥ്യമാക്കുവാൻ മലങ്കരസഭയ്ക്ക് കഴിഞ്ഞിരുന്നെങ്കിൽ ഇന്ന് സഭയുടെ ആദ്ധ്യാത്മിക ചൈതന്യം പതിന്മടങ്ങ് വർദ്ധിക്കുമായിരുന്നു. വിനയം, ലളിതജീവിതം, ജനാഭിമുഖ്യം, നിറഞ്ഞൊഴുകുന്ന സ്നേഹം, അതിഥി സൽക്കാരപ്രിയം, സ്വഭാവനൈർമല്യം എന്നിങ്ങനെ അനേകം ഗുണങ്ങളുടെ വിളനിലമായിരുന്ന ആ മഹാപരിശുദ്ധന്റെ ചൈതന്യം ഇന്ന് മലങ്കര സഭയ്ക്ക് അത്യന്താപേക്ഷിതമാണ്. നിർഭാഗ്യവശാൽ, ആ സദ്ഗുണങ്ങളിൽ പലതിനും ഇന്ന് അനന്തരാവകാശികൾ കുറഞ്ഞുവരികയാണ്.

സഭ ഔദ്യോഗികമായി പാമ്പാടി തിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപിച്ചിട്ടില്ലെങ്കിലും ജനം തിരുമേനിയെ പരിശുദ്ധനായിട്ടു തന്നെയാണ് കാണുന്നത്. കാനോനീകരണത്തിനുള്ള നടപടിക്രമങ്ങൾ അധികം താമസമില്ലാതെ നടപ്പാകുമെന്ന് പ്രത്യാശിക്കാം. പാമ്പാടി വലിയപള്ളി, പുതുപ്പള്ളിപ്പള്ളി എന്നിവയുൾപ്പെടെ പലയിടത്തും തിരുമേനിയുടെ പേരിൽ ത്രോണോസുകളുയർന്നതിനാൽ വസ്തുതാപരമായും പ്രഖ്യാപനം നടന്നെന്ന് കരുതുന്നതിൽ തെറ്റില്ല. പ്രമാണപരമായും കൂടി ഈ യാഥാർത്ഥ്യത്തെ ഇനിയും നീട്ടി വെക്കാതിരിക്കുവാൻ സഭാ നേതൃത്വത്തോട് അപേക്ഷിക്കാം.

സഭയെ ഒന്നായി കണ്ടിരുന്ന പിതാവിന്റെ ദർശനം ഇന്നത്തെ സാഹചര്യത്തിൽ പ്രത്യേക പ്രാധാന്യമർഹിക്കുന്നു. അന്നത്തെ യാത്രാസൗകര്യങ്ങളുടെ പരിമിതി വച്ചു കണക്കാക്കിയാൽ വിദൂരസ്ഥമായ കുന്നംകുളത്ത് പ്ലേഗ് രോഗം പൊട്ടിപ്പുറപ്പെട്ടപ്പോൾ ഓടിയെത്തി സാന്ത്വനമരുളിയ മാതൃകയും ഇന്ന് അന്യംനിന്നുകൊണ്ടിരിക്കുന്നു. സ്വന്തം ജീവനുണ്ടാകാവുന്ന അപകടത്തേക്കാൾ ജനത്തിന്റെ വേദനകൾക്ക് അവരുടെ നടുവിലെത്തി സാന്ത്വനമരുളിയ ആ സ്നേഹ സ്പർശത്തിന്റെ ശീതളിമയും ഇന്ന് സഭയ്ക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. പാമ്പാടി തിരുമേനിയെ വ്യത്യസ്തനാക്കുന്ന സ്വഭാവ വിശേഷങ്ങൾ ഇന്ന് സഭ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാണ്. അവിടുത്തെ ചൈതന്യമുറങ്ങുന്ന മണ്ണ് ഈ മൂല്യങ്ങളുടെ കേദാരമാകണം. അവിടെനിന്ന് സഭയെങ്ങും അത് പ്രസരിക്കണം. മലങ്കരസഭയ്ക്ക് ഒരു പുതുചൈതന്യം നേടുവാനുള്ള ഒറ്റമൂലി മറ്റൊന്നുമല്ല.

## പ്രാർത്ഥനാ മനുഷ്യൻ

### ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ

"... രണ്ടാമത് എനിക്ക് വലിയ ബഹുമാനമുള്ളത് പാമ്പാടി തിരുമേനിയോടാണ്. പ്രാർത്ഥനാശീലനായ ഒരു മനുഷ്യനായിരുന്നു. വലിയ പാണ്ഡിത്യമൊന്നുമില്ല. യഥാർത്ഥ താഴ്മയുടെ അങ്ങേയറ്റമുള്ള ഒരാളായിരുന്നു. എനിക്ക് വലിയ ബഹുമാനമാണ് അദ്ദേഹത്തെ. Real Spiritual Man of Prayer. ഇതുപോലെയുള്ള മെത്രാപ്പോലീത്താമാർ നമുക്കുണ്ടായെങ്കിലേ സഭ ശരിയായിട്ട് പോവുകയുള്ളു. ... ക്രിസ്തുവിന്റെ സാന്നിധ്യമാണെന്ന് ജനങ്ങൾക്ക് തോന്നുന്ന വിധത്തിലുള്ള ഒന്നായിരിക്കണം മെത്രാപ്പോലീത്താമാരുടെ ജീവിതം. അച്ചന്മാരും അതിനകത്ത് പങ്കു വയ്ക്കുന്നവരാകണം. ഒരു അച്ചനെ കാണുമ്പോൾ ക്രിസ്തുവിന്റെ സാന്നിധ്യമാണ് എന്നൊരു ബോധം ജനങ്ങൾക്കുണ്ടാകണം. അതാണ് വളരെ പ്രധാനമായ കാര്യം. സ്നേഹവും വിശുദ്ധിയുമുള്ള മേല്പട്ടക്കാരും പട്ടക്കാരും ഉണ്ടാവുമ്പോഴാണ് സഭ പുരോഗമിക്കുന്നത്. അല്ലാതെ കെട്ടിടങ്ങൾ കൊണ്ടോ, പണം കൊണ്ടോ, ഘടന കൊണ്ടോ ഒന്നുമല്ല. Real thing is the Spiritual Quality. î (*പ്രകാശത്തിലേയ്ക്ക് ഒരു തീർത്ഥയാത്ര* എന്ന ഗ്രന്ഥത്തിൽ നിന്നും)

## ആർദ്രതയുടെ നിറകുടമായ തിരുമേനി

### സാബു വടകര, പാമ്പാടി

പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന കാലയളവിൽ പാത്രിയർക്കീസ് ബാവായുമായുള്ള സകല കത്തിടപാടുകളും സുറിയാനിയിൽ എഴുതുവാൻ പല പ്രഗത്ഭമതികളും ഉണ്ടായിരുന്നിട്ടും വിദ്യാഭ്യാസയോഗ്യത കുറഞ്ഞ പാമ്പാടി തിരുമേനിയെ ആണ് നിയോഗിച്ചിരുന്നത്. മലങ്കരസഭയുടെ അന്ത്യോഖ്യായുടെ സാക്ഷാൽ സ്ഥാനപതി ആയിരുന്നു പാമ്പാടി തിരുമേനി. പ. പാത്രിയർക്കീസ് ബാവായുടെ സാന്നിദ്ധ്യത്തിൽ പഴയസെമിനാരിയിൽ സുറിയാനിയിൽ വി. കുർബ്ബാന അർപ്പിക്കുവാൻ തിരുമേനിയ്ക്ക് ഭാഗ്യം ലഭിച്ചു. പിന്നീട് അന്ത്യോഖ്യായുമായുള്ള വഴക്ക് മൂർച്ഛിച്ചപ്പോൾ മലങ്കര ഓർത്തഡോക്സ് സഭയുടെ കീഴിൽ വട്ടശ്ശേരിൽ തിരുമേനിയുടെ പിന്നിൽ അടിയുറച്ചു നില്ക്കുകയും തിരുമേനിയുടെ കല്പന അനുസരിച്ച് സഭയുടെ എല്ലാ കാര്യങ്ങളിലും പങ്കെടുക്കുകയും ചെയ്തു (ഇന്നത്തെ മെത്രാപ്പോലീത്താമാരെപ്പോലെ അല്ല). സഭാ വഴക്ക് അത്യന്തം തിരുമേനിയെ വേദനിപ്പിക്കുകയും അതോർത്ത് കരഞ്ഞ് പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു.

പാരമ്പര്യ ഓർത്തഡോക്സ് കുടുംബത്തിൽ ജനിച്ചതുകൊണ്ടാകാം, തന്റെ മുൻഗാമികൾ ആചരിച്ചുപോന്നിരുന്ന അനുഷ്ഠാനങ്ങൾ എല്ലാം അതേപടി പിന്തുടർന്നു.


*(ശേഷം 2-ാം പേജിൽ)*


## ആർഷഭാരത സംസ്കാരവും ക്രിസ്തീയ സംസ്കാരവും സമന്വയിപ്പിച്ച മാമുനി

### ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ

വേദപുസ്തകത്തിന്റെ പൂർവഭാഗമായ പഴയനിയമത്തിൽ ദൈവപുരുഷനെ ദർശകൻ എന്നു വിളിക്കുന്നതായി കാണുന്നു. പിന്നീട് പ്രവാകനെന്നാണു സാധാരണയായി ഉപയോഗിച്ചുകാണുന്നത്. ദർശകൻ എന്നാൽ കാണുന്നവൻ എന്നാണല്ലോ അർത്ഥം. സാധാരണക്കാർ പുറംകണ്ണുകൊണ്ടു കാണുന്നു; ദർശകൻ അകക്കണ്ണുകൊണ്ടും. പുറംകണ്ണുകൊണ്ട് ഇന്ദ്രിയസന്നികർഷകമായ ലോകമാണു കാണുക. അകക്കണ്ണുകൊണ്ട് ഇന്ദ്രിയാതീത ലോകവും. ദുർമോഹങ്ങളിൽനിന്നും ദുർവികാരങ്ങളിൽ നിന്നും അകന്ന് മനോമാലിന്യങ്ങൾ നീങ്ങി അകക്കണ്ണിന് വെളിവും തെളിവും ലഭിച്ച ദർശകനായിരുന്നു പാമ്പാടിയിലെ പരിശുദ്ധനായ കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് തിരുമേനി. പൊത്തമ്പുറം ആശ്രമ ദേവാലയം പണിയുന്ന കാലം. അന്നദ്ദേഹം റമ്പാൻ (സന്യാസവ്രതസ്ഥൻ) ആയിരുന്നു. നാനാജാതിമതസ്ഥരും അദ്ദേഹത്തെ സഹായിക്കാനെത്തി. മീനടത്തെ നായർ പ്രമാണിയായ നാണുച്ചാർ നൂറ്റമ്പതോളം സന്നദ്ധസേവകരുമായി പിറ്റേദിവസം എത്തും എന്ന് അദ്ദേഹത്തെ അറിയിച്ചു. എന്നാൽ നല്ല മഴക്കാലം. "ഇതുപോലെ ഉഗ്രമായ മഴയാണെങ്കിൽ നാളെ എങ്ങനെ കല്ലു ചുമക്കും?" എന്ന് നാണുച്ചാർ ആശങ്ക പ്രകടിപ്പിച്ചു. റമ്പാച്ചൻ മൗനമായി പ്രാർത്ഥിച്ചശേഷം പറഞ്ഞു, "കുഞ്ഞാണു, നാളെ മഴയുമില്ല വെയിലുമില്ല. സമാധാനത്തോടെ പൊയ്ക്കൊൾക." പിറ്റേദിവസം ഒട്ടുംതന്നെ മഴയുണ്ടായില്ല, വെയിൽ തെളിഞ്ഞതുമില്ല. പിറ്റേദിവസം മഴയുണ്ടാകില്ലെന്നു കാണുവാൻ ദർശകനായ റമ്പാച്ചനു കഴിഞ്ഞു പ്രകൃതിശക്തികളെ നിയന്ത്രിക്കാനുള്ള കഴിവ് പ്രാർത്ഥനകൊണ്ട് അദ്ദേഹം നേടിയെടുത്തിരുന്നു.



പ. പാമ്പാടി തിരുമേനി

ദർശകനു സമാനമായി ഭാരതീയ പാരമ്പര്യത്തിൽ കാണുന്ന പദമാണ് ഋഷി. കാണുന്നവൻ എന്നാണ് ഋഷി ശബ്ദത്തിന്റെ അർത്ഥം. മതങ്ങളുടെ പരിധികൾക്കപ്പുറം ദൈവദർശനത്തിന്റെ ഉന്നത സോപാനത്തിൽ എത്തിയിട്ടുള്ള ഋഷികളുടെ ഒരു ലോകമുണ്ട്. മതങ്ങളുടെ വലയങ്ങളും വിലക്കുകളും അവർക്ക് ബാധകമാവുന്നില്ല. ദൈവത്തെ കണ്ടറിയുന്ന അനുഭവതലം എല്ലാ ഈശ്വരാന്വേഷികളുടേയും പൊതു ഭൂമിയാണ്. ഈ ആർഷ പാരമ്പര്യം നിലനിർത്തിയ ക്രൈസ്തവാചാര്യനായിരുന്നു പാമ്പാടി തിരുമേനി.

ഭാരതീയ പാരമ്പര്യത്തിൽ ദൈവദർശനം കിട്ടിയ ആളാണ് ദാർശനികൻ. ജീവിതത്തിന്റെ പൊരുളറിയാൻ ദൈവത്തെ നേരിട്ടു കാണണം. ഇവിടെ അറിവും അനുഭവവും ചേർന്ന് ഒഴുകി വരുന്നത് കാണാം. ഇംഗ്ലീഷ് ഭാഷയിൽ ഫിലോസഫി എന്ന പദത്തിന് 'ജ്ഞാനത്തോടുള്ള പ്രേമം' എന്നാണ് വാച്യാർത്ഥം. ദർശനം എന്ന ഭാരതീയ സങ്കൽപ്പത്തോട് ചേർന്നു വരുന്നതാണിത്. പൗരസ്ത്യ ക്രിസ്തീയ പാരമ്പര്യത്തിൽ ലൗകീകജീവിതം ഉപേക്ഷിച്ച് സന്യാസം സ്വീകരിച്ച്, ദൈവദർശനം ജീവിതലക്ഷ്യമായി തിരഞ്ഞെടുത്തവരെ 'ഫിലോസഫർ' എന്നു വിളിക്കുന്നു. എന്നാൽ പാശ്ചാത്യപാരമ്പര്യത്തിൽ 'ഫിലോസഫി' എന്ന വാക്കിന് വ്യവഹാരഭാഷയിൽ ഈ അർത്ഥമല്ല കൊടുത്തു കാണുന്നത്. യുക്തിഭദ്രതയോടുകൂടിയ തത്വാവിഷ്കാരമാണ് ഫിലോസഫി എന്നതുകൊണ്ട് പാശ്ചാത്യർ വിവക്ഷിക്കുന്നത്. ഇക്കാരണത്താലാണ് തത്വശാസ്ത്രം എന്ന് ഫിലോസഫിക്ക് മലയാളഭാഷയിൽ പേരു വന്നത്. ഭാരതീയ - പൗരസ്ത്യ പാരമ്പര്യങ്ങളിൽ ഈശ്വരദർശനം - ദർശകൻ, ദർശനം - ദാർശനികൻ എന്നീ പദസമുച്ചയങ്ങൾ പരസ്പരം ബന്ധപ്പെട്ട് നിൽക്കുന്നതായി കാണുന്നു. ഈശ്വരദർശനം ലഭിച്ചയാളാണ് ദാർശനികൻ. ദൈവത്തെപ്പറ്റിയും ദൈവത്തിൽ അടിസ്ഥാനപ്പെടുത്തിയുള്ള ജീവിതത്തെപ്പറ്റിയുമുള്ള ദർശനം എന്തെന്ന് അറിയിക്കുവാനുള്ള അധികാരിയാണ് ദാർശനികൻ. ഇതുകൊണ്ടാണ് യേശുക്രിസ്തു 'അധികാരമുള്ളവനെപ്പോലെ സംസാരിക്കുന്നു' എന്ന് സാമാന്യജനം അതിശയം കൂറുന്നതായി സുവിശേഷങ്ങൾ പറഞ്ഞിരിക്കുന്നത്. ആദ്ധ്യാത്മിക ജീവിതത്തെപ്പറ്റി ആധികാരികമായ ദർശനം നൽകാൻ പ്രാപ്തനായിരുന്നു പാമ്പാടിയിലെ പരിശുദ്ധനായ മാർ ഗ്രീഗോറിയോസ്. ആർഷ പാരമ്പര്യത്തിൽപ്പെടുന്ന മഹിതാചാര്യനായിരുന്നു അദ്ദേഹം.

സ്വാർത്ഥം വിട്ടൊഴിഞ്ഞ് പരമാർത്ഥം തിരിച്ചറിഞ്ഞ ജ്ഞാനി മനുഷ്യരോടു മാത്രമല്ല പ്രകൃതി മുഴുവനോടും ഏകീഭവിച്ചു നിൽക്കുന്നു. ഈ യോഗീഭാവമാണ് ഭൂതദയ - ഭൂവായ സകലതിനോടുമുള്ള കാരുണ്യം. മനുഷ്യനും മൃഗവും വൃക്ഷവും പക്ഷിയും പൂവും പുൽക്കൊടിയും ഒരേ താളലയത്തിൽ ഏകീഭവിച്ചു വരുന്ന അനുഭവമാണത്. സാധാരണ മനുഷ്യർക്കുമുമ്പിൽ പേടിച്ചകന്നു പോകുന്ന ജീവജാലങ്ങൾ യോഗിയുടെ കൂട്ടുകാരനായിതീരുന്നത് നാം കാണുന്നുണ്ടല്ലോ. മൂന്നാം നൂറ്റാണ്ടിന്റെ അവസാന പാദത്തിലും നാലാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലും ഈജിപ്തിൽ ജീവിച്ചിരുന്ന മുനിശ്രേഷ്ഠനായിരുന്നു മഹാനായ അന്തോണിയോസ്. നൈൽ നദിയുടെ അക്കരെ വിജനതയിൽ തപസ്സനുഷ്ഠിച്ചിരുന്ന അദ്ദേഹത്തിന് ഇക്കരെ വരണം. വെള്ളം വളരെയുള്ള സമയം. കടത്തുവള്ളമില്ല. ആറ്ററികിൽ ഇങ്ങനെ വിഷണ്ണനായി നിൽക്കേ ജലപരപ്പിൽ കുറെ മുതലകൾ പൊങ്ങി വന്നത് അദ്ദേഹത്തിന്റെ കണ്ണിൽപെട്ടു. അവയിൽ ഒന്നിന്റെ മുകളിൽ അന്തോണിയോസ് കയറിയിരുന്നു. മുതല അദ്ദേഹത്തെ അക്കരെ എത്തിച്ചു. പല സന്ദർഭങ്ങളിൽ മുതലകളായിരുന്നു അദ്ദേഹത്തിന്റെ കടത്തുവള്ളം. പിൽക്കാലത്ത് ഈ സ്ഥലത്തു വളർന്നുവന്ന പട്ടണത്തിനു 'മുതലകളുടെ പട്ടണം' എന്നു പേരുണ്ടായി.

പാമ്പാടിത്തിരുമേനിയുടെ ജീവിതത്തിൽ ഭൂതദയയ്ക്കു ധാരാളം ഉദാഹരണങ്ങൾ കാണുന്നുണ്ട്. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു: തിരുമേനിയുടെ ആദ്യ ഗുരുവായിരുന്നു 'മഠത്തിലാശാൻ' എന്നു പേരുകേട്ട സി. ജി. രാമൻപിള്ള. മഠത്തിലാശാന്റെ കൊച്ചുമകൻ ഡോ. രാമകൃഷ്ണൻനായരുടെ ഒരു സാക്ഷ്യം ഇങ്ങനെയാണ്. ഒരുനാൾ ഡോ. രാമകൃഷ്ണൻനായർ ഭാര്യയും കുട്ടികളുമായി തിരുമേനിയെ കാണുവാൻ പോയി. ആശ്രമവളപ്പിൽ ധാരാളം പ്രാവുകൾ ഉണ്ടെന്നും തിരുമേനി വിളിച്ചാൽ പ്രാവുകൾ വരുമെന്നും ഡോ. രാമകൃ


*(ശേഷം 2-ാം പേജിൽ)*

# ആർഷഭാരത സംസ്കാരവും...

*(ഒന്നാം പേജിൽ നിന്നും)*

ഷ്ണൻനായർ തന്റെ കുട്ടികളോടു പറഞ്ഞപ്പോൾ അവർക്കതു വിശ്വസിക്കാനായില്ല. ഈ സങ്കടം തിരുമേനിയെ അറിയിച്ച് കുറച്ച് അരിയെടുത്തു ഡോ. രാമകൃഷ്ണൻനായർ തിരുമേനിയുടെ കൈയിൽ കൊടുത്തു. തിരുമേനി ഒരു പ്രത്യേക ശബ്ദമുണ്ടാക്കിയപ്പോൾ പ്രാവുകളത്രയും തിരുമേനിയുടെ ചുറ്റിലും ശരീരത്തും തലയിലുമെന്നു മാത്രമല്ല, തിരുമേനിയെത്തന്നെ മൂടിക്കളഞ്ഞു. ഡോ. രാമകൃഷ്ണൻനായരുടെ തന്നെ വാക്കുകളിൽ "ആർഷഭാരത സംസ്കാരവും ക്രിസ്തീയ സംസ്കാരവും സമന്വയിച്ചിരുന്ന ഒരു മഹാത്മാവായിരുന്നു മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമേനി; ഋഷിതുല്യമായ ജീവിതം."

നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മഹാനായ മാർ ബസേലിയോസ് ഇങ്ങനെ പറയുന്നു: "ക്രിസ്ത്യാനി മരണമെപ്പോഴും കൺമുമ്പിൽ കണ്ടുകൊണ്ട് ജീവിക്കണം." ജീവിതത്തെ ഋണാത്മകമാക്കി കാണാനുള്ളതല്ല ഈ ഉപദേശം. ഇക്കാണാറായ പ്രപഞ്ചവും ജീവിതവും അനിത്യമെന്നും ഇതിനുമപ്പുറമുള്ളതാണ് നിത്യമെന്നുമുള്ള ബോധ്യം മനസ്സിൽ നിറഞ്ഞുനിൽക്കണം. ഇത് ഇഹലോക ജീവിതത്തെ സംബന്ധിച്ച ഒരു പുതിയ കാഴ്ചപ്പാടിന് അടിത്തറയിടും. ആകർഷണ വികർഷണങ്ങൾകൊണ്ടും രാഗദ്വേഷാദികൾകൊണ്ടും ചഞ്ചലപ്പെട്ട് കുഴഞ്ഞുമറിഞ്ഞ ജിവിതത്തെ നിത്യസത്യത്തിലേക്ക് ഉയർത്താൻ ഈ കാഴ്ചപ്പാട് കെൽപു നൽകുന്നു. ഈ സമീപനം ജീവിതലക്ഷ്യമായി സ്വീകരിച്ച് അതു സ്വായത്തമാക്കാൻ ലോകം ത്യജിച്ച ആളാണ് സന്യാസി. പാമ്പാടിയിലെ മാർ ഗ്രീഗോറിയോസ് സ്വന്തം കബർമുറി പണിത് പകൽസമയം കബറിടസ്ഥാനത്തിരുന്ന് വേദാദ്ധ്യയനവും ധ്യാനവും നടത്തിയിരുന്നു. മരണം വഴിയായി നാഥന്റെ സന്നിധിയണയുവാൻ നിരന്തരം ഒരുങ്ങി ജീവിതത്തെ സ്വാർത്ഥകമാക്കിയ ഋഷിവര്യനായിരുന്നു മാർ ഗ്രീഗോറിയോസ്.

പാമ്പാടി തിരുമേനിയുടെ ജീവിതം ഒരു കടംകഥ പോലെയാവും ഇത്തലമുറയ്ക്ക് അനുഭപ്പെടുക. കാരണം, അദ്ദേഹത്തെപ്പോലെയുള്ള ആചാര്യശ്രേഷ്ഠർ ഏതാണ്ട് അന്യം നിന്നുപോയ കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. പാമ്പാടി തിരുമേനിയിൽ നിന്നു നാം സ്വീകരിച്ച ആർഷപൈതൃകം നിലനിർത്താനും വരുംതലമുറയ്ക്കു കൈമാറിക്കൊടുക്കുവാനും അദ്ദേഹത്തിന്റെ സ്മരണ പുതുക്കുന്ന ഈ സന്ദർഭം നാം പ്രതിജ്ഞാബദ്ധരാവുക. ●

# ആർദ്രതയുടെ നിറകുടമായ...

*(ഒന്നാം പേജിൽ നിന്നും)*

മീനടം, പാമ്പാടി, വാകത്താനം എന്നീ പ്രദേശങ്ങളിലുള്ള നാനാജാതിമതസ്ഥർ തലച്ചുമടായി സകല സാധനങ്ങളും കൊണ്ടുവന്നാണ് തിരുമേനി കൂടെനിന്ന് പഴയ ദേവാലയം പണിതത്. ജോലി ചെയ്തവർക്ക് സമയാസമയങ്ങളിൽ ആഹാരം കൊടുത്തിരുന്നു. പണിക്കാർക്ക് അതത് ദിവസങ്ങളിലെ കൂലി അന്നന്ന് കരഞ്ഞു പ്രാർത്ഥിക്കുമ്പോൾ ആരെങ്കിലും കൊണ്ടുവന്ന് കൊടുക്കുമായിരുന്നു. ദേവാലയത്തിന്റെ കുരിശ് ഉയർത്തിയപ്പോൾ ആകാശത്ത് നക്ഷത്രം തെളിഞ്ഞത് കണ്ടവർ പാമ്പാടിപള്ളിയിൽ ഉണ്ടായിരുന്നു. ദേവാലയത്തിലെ പെരുന്നാളുകളിൽ പാരമ്പര്യ ആചാരാനുഷ്ഠാനങ്ങൾ നടത്തിയിരുന്നു. എല്ലാ മേളങ്ങളും തിരുമേനിക്ക് ഇഷ്ടമായിരുന്നു. ചെണ്ടമേളവും പരിചമുട്ടുകളിയും ഒക്കെ അന്ന് നടത്തിയിരുന്നു. സന്തത സഹചാരി മരിച്ചുപോയ തലയ്ക്കൽ കൊച്ചായനോട് "എടാ കൊച്ചേ, ഇതൊക്കെയും പെരുന്നാളിന്റെ ഭാഗമാണ്" എന്നു പറഞ്ഞ തിരുമേനി, നടത്തിയവരെയോ നടത്തപ്പെടുന്നവരെയോ ഒരിയ്ക്കലും ശാസിക്കുകയോ മുടിഞ്ഞുപോവുമെന്ന് പറയുകയോ ചെയ്തിട്ടില്ല. ആരെയും ശപിക്കാതെ എല്ലാവരും ദൈവസൃഷ്ടിയുടെ സാദൃശ്യം ആണെന്നും അവരെല്ലാം എന്നേക്കാൾ ശ്രേഷ്ഠരാണെന്നും പലപ്പോഴും പറയുമായിരുന്നു.

തിരുമേനിയുടെ കബറിടം അനേകായിരങ്ങൾക്ക് ഇന്ന് സ്വർഗ്ഗമാണ്. കടന്നുചെല്ലുന്ന എല്ലാവർക്കും സ്വർഗ്ഗീയ അനുഭൂതി പകരുന്ന പുണ്യസങ്കേതമാണ്. ലോകത്തിന്റെ വിവിധ ഭാഗത്തുള്ളവർക്ക് ആശാകേന്ദ്രമാണ് പ. കബർ.

വഴക്കുകൾ ഉള്ളതായ ദേവാലയങ്ങളിൽ തിരുമേനിയെ ക്ഷണിച്ച് വി. കുർബാന ചൊല്ലിക്കുന്നത് പതിവായിരുന്നു. പ. തിരുമേനി പള്ളിയിൽ എഴുന്നള്ളുന്നത് ദൈവത്തിന്റെ പ്രതിപുരുഷൻ വരുന്നതായി ജനം കരുതി. തിരുമേനി വി. കുർബാന ചൊല്ലിക്കഴിയുമ്പോൾ രണ്ടു കൂട്ടരും വന്ന് കാലിൽ തൊട്ട് ക്ഷമ പറഞ്ഞ് വഴക്ക് തീർക്കുമായിരുന്നു. എന്നാൽ ആരും *മുടിഞ്ഞുപോകും* എന്നു പറഞ്ഞിട്ടില്ല. തിരുമേനിയോടു മറുത്ത് മലങ്കരസഭയിൽ ആരും സംസാരിച്ചിട്ടില്ല.

പാമ്പാടി തിരുമേനിയുടെ വീടായിരുന്ന പാമ്പാടിപള്ളിയുടെ തിരുമുറ്റത്തുവച്ച് കോടതി ആമീൻ *ഇവിടെ നിന്നും ഇറങ്ങിപ്പോകണം* എന്ന കോടതിവിധി ഒപ്പിടീച്ചപ്പോൾ 'നായകൾക്കും നരിച്ചീറുകൾക്കും ഇവിടെ കയറാം' എന്നു പറഞ്ഞ് കരഞ്ഞു. തിരുമേനി താമസിച്ചിരുന്ന വീട് തീ കത്തിച്ചു. ആ കുടുംബം അനുഭവിച്ചു. തിരുമേനിയെ ദ്രോഹിച്ചിട്ടുള്ളവർ എല്ലാവരും അനുഭവിച്ചു. തിരുമേനി ആരേയും ശപിച്ചിട്ടില്ല. എന്നാൽ പ്രാർത്ഥനകൾ ചൊല്ലുമ്പോൾ തെറ്റിച്ചാൽ തിരുമേനി തല്ലുമായിരുന്നു.

എന്റെ ഭവനത്തിന്റെ അന്നദാതാവാണ് പ. പിതാവ്. ഞങ്ങൾ ഇന്ന് ജീവിക്കുന്നതും പ. തിരുമേനിയുടെ അനുഗ്രഹങ്ങളും പ്രാർത്ഥനകളും ഒന്നുകൊണ്ടു മാത്രമാണ്. ഞങ്ങൾ സന്തതിപരമ്പരകളായി തിരുമേനിയുടെ കരുണ യാചിച്ച് ലഭിച്ചുപോരുന്നു. ആ പുണ്യപിതാവിന്റെ കാല്പാദങ്ങളിൽ നമ്രശിരസ്കനായി നമിച്ചുകൊണ്ട് പ. പിതാവിന്റെ അനുഗ്രഹങ്ങളും പ്രാർത്ഥനകളും യാചിച്ച് അടിയൻ നിർത്തുന്നു. ●

## പ. പാമ്പാടി തിരുമേനിയുടെ തിരുമൊഴികൾ

● എന്റെ പ്രിയരെ, പള്ളി ആരുടെ വകയാണ്? നമ്മുടെ വകയാണോ? പള്ളി ദൈവത്തിന്റെ വകയാണ്. അവിടെക്കിടന്ന് തല്ലും പിടിത്തവുമുണ്ടാക്കരുത്. പള്ളിയുടെ കഴുക്കോൽ ഊരിയവന്റെയും തൂണു പിടർത്തിയവന്റെയും അനുഭവങ്ങൾ പലതും നമ്മൾ കേട്ടിട്ടുള്ളതാണല്ലോ. പള്ളി പരസ്പര സ്നേഹത്തിനു വേണ്ടിയുള്ളതാണ്.

● പള്ളിയുടെ മുതൽ ദുരുപയോഗം ചെയ്താൽ അയ്മേനിയെന്നല്ല, തിരുമേനിയായാലും ദൈവം വെറുതെ വിടുകയില്ല.

● ഓരോ വീടും ദൈവത്തിന്റെ ഭവനമാണെന്നോർത്തുകൊള്ളണം.

● വിശപ്പു മുതലായ പ്രാഥമിക ആവശ്യങ്ങളിൽ മനുഷ്യരെല്ലാം തുല്യരാണ്. എന്റെ വിശപ്പും ഈ പാവത്തിന്റെ വിശപ്പും തമ്മിൽ ഒരു വ്യത്യാസവുമില്ല.

● മക്കളെ, പ്രയാസപ്പെടുന്നവരെ സഹായിക്കണേ. പകവെച്ചുകൊണ്ടിരിക്കരുത്. എല്ലാവരേയും സ്നേഹിക്കണം. കേസും വഴക്കും നന്നല്ല.

● ഭർത്താക്കന്മാരേ! നിങ്ങൾ ഭക്ഷണം കഴിക്കുമ്പോൾ ഭാര്യമാരുടെ ഭക്ഷണക്കാര്യവും ഓർക്കണമേ. അവരെക്കുറിച്ചു നിങ്ങൾക്കു കരുതൽ ഉണ്ടായിരിക്കണം. അവർ ഭക്ഷണം കഴിക്കുന്നുണ്ടോ എന്നു നോക്കണം.

● കുഞ്ഞുങ്ങളേ! നിങ്ങൾ ദൈവത്തെ സ്നേഹിക്കണം. മാതാപിതാക്കളെ അനുസരിക്കണം. ഗുരുക്കന്മാരെ ബഹുമാനിക്കണം.

● വൈദികർ നല്ലവണ്ണം പ്രാർത്ഥിക്കണം. ആളുകളിൽ പ്രാർത്ഥനാശീലം വളർത്തണം. ഇക്കാര്യത്തിന് എവിടെയും ഊന്നൽ കൊടുക്കണം.

● പള്ളി ദൈവത്തിന്റെ ഭവനമാണ്. നാം പള്ളിയിൽ വിശുദ്ധിയിലും സത്യത്തിലും നീതിയിലും പ്രവർത്തിക്കണം. അപ്പോൾ ദൈവാനുഗ്രഹം ഉണ്ടാകും.

● വൈദികർ ദേവാലയത്തോടും അനുഷ്ഠാനങ്ങളോടും എപ്പോഴും ഭക്തിയുള്ളവരായിരിക്കണം.

**– പ. പാമ്പാടി തിരുമേനി**

## സുറിയാനി സമുദായത്തിന്റെ നിധി

"മണി മൂന്നു മുഴങ്ങി. വന്നു കയറി; സുറിയാനിസമുദായത്തിന്റെ നിധി വന്നുകയറി. ശരീരം മോട്ടോർ കാറിൽ ഒതുക്കി, മനസ്സ് ആകാശത്തുറപ്പിച്ച്, അനുഗ്രഹവർഷം മലയിൽനിന്ന് വർഷനദികളെപ്പോലെ നാലു ദിക്കുകളിലേക്കും ഒന്നിച്ചു പെയ്തുകൊണ്ട് – കോട്ടയം ഭദ്രാസന ഇടവകയുടെ പരിശുദ്ധനായ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് – വന്നുകയറി. ഭൂമിയിൽ വെള്ളവും നോക്കിനിന്നവരുടെ മനസ്സും തെളിഞ്ഞു. ആകാശത്ത് മാലാഖമാർ പാടി. പണത്തെ കവിഞ്ഞ നിധി – പണത്തെ കവിഞ്ഞ കാര്യങ്ങളാണെന്ന് – പണം കൊണ്ട് പ്രാണപോഷണം ചെയ്യാമെന്ന് കരുതിയ ഗുണാഗുണനിരൂപണ വിചക്ഷണന്മാർക്ക് – വിവേകമുണ്ടായി."

**(റാഹുസാഹിബ് ഒ. എം. ചെറിയാൻ, പൗരസ്ത്യ കാതോലിക്കേറ്റ് വ്യവസ്ഥാപന കാതോലിക്കേറ്റ് നിധി, 1110)**

## അൽമായവേദിയെ എങ്ങനെ സഹായിയ്ക്കാം?

1. അഖില മലങ്കര ഓർത്തഡോക്സ് അൽമായ വേദി എന്ന പ്രസ്ഥാനത്തെ പ്രാർത്ഥനയിൽ സ്മരിയ്ക്കുക. 2. അഖില മലങ്കര ഓർത്തഡോക്സ് അൽമായ വേദിയിൽ അംഗങ്ങളാകുകയും സജീവമായി പ്രവർത്തിയ്ക്കുകയും ചെയ്യുക. 3. അൽമായക്കാർ സ്വയം സംഘടിച്ച് സംഘടനയുടെ യൂണിറ്റുകൾ രൂപീകരിയ്ക്കുക. 4. സംഘടനയുടെ മുഖപത്രമായ അൽമായ വേദി മാസിക പ്രചരിപ്പിയ്ക്കുക. 5. ഓരോ മാസത്തേയും അൽമായവേദി മാസിക സ്പോൺസർ ചെയ്യുക. 6. പരസ്യം, ഉപകാര സ്മരണ, ചരമ വാർഷികം, വിവാഹ വാർഷികം എന്നിവ പ്രസിദ്ധപ്പെടുത്തി മാസികയെ സഹായിയ്ക്കുക. 7. സംഭാവനകൾ നൽകി സംഘടനയെയും മാസികയെയും ശക്തിപ്പെടുത്തുക. 8. സഭയുടെ പുരോഗമനത്തിനുതകുന്ന നിർദ്ദേശങ്ങൾ അയച്ചുതന്ന് സഹകരിയ്ക്കുക.


**മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്**





**ജോയ്സ് തോട്ടയ്ക്കാടും ശോഭയും സോഫിയയും**

**മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്**





**സാബു വടകരയും കുടുംബവും, പാമ്പാടി**


സഭയുടെ ഭിത്തിയെ ബലവത്താക്കുവാനും സഭാഗാത്രത്തിന് ശക്തി പകരുവാനുമായി അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരിക്കുന്നത്.
**Almayavedi:** Printed and Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedhi, PB No. 652, Kottayam - 686001, printed at Sophia Print House, IInd Floor, Kandathil Building, Temple Road, Kottayam and published from Kottayam. Editor: Philipose Pottakkavayalil Ph: 0481 3255054